പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. T 4871 | 24. 07.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## ഭക്ഷ്യവസ്തുക്കളിലെ വിഷാംശം പരിശോധിക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മാരക കീടനാശിനികൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുള്ള അന്യ സംസ്ഥാനങ്ങളിലെ കാർഷിക മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇവിടെനിന്നുമുള്ള ഭക്ഷ്യ വസ്തുക്കൾ എപ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ; | എ) | തമിഴ്നാടിലെ നാഗർകോവിൽ, തിരുനൽവേലി, ദിണ്ഡിക്കൽ, കൊടൈക്കനാൽ, നീലഗിരി എന്നിവിടങ്ങളിലെ കാർഷിക മേഖലകൾ സന്ദർശിച്ചതിൽ ടി മേഖലകളിലെല്ലാം തന്നെ മാരക കീടനാശിനികളുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്ഥലങ്ങളിൽ നിന്ന് ശേഖരിക്കുന്ന പച്ചക്കറിനേരിട്ട് വിപണികളിലേക്ക് പോകുന്നതായിട്ടാണ് ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളത്. |
| ബി) | കേരളത്തിലേക്ക് കൊണ്ടുവരുന്ന മാലിന്യ മുക്തമായ ഭക്ഷ്യവസ്തുക്കളുടെ സ്രോതസ്സും, മാർക്കറ്റും വെളിപ്പെടുത്തിയാൽ അവ സത്യസന്ധമായിരിക്കുമോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനമുണ്ടോ;എങ്കിൽ വ്യക്തമാക്കാമോ; | ബി) & സി) | വിപണിയിൽ ലഭ്യമായ എല്ലാ ഭക്ഷ്യവസ്തുക്കളുടേയും സാമ്പിളുകൾ പരിശോധിച്ച് ആയവ മായം ചേർത്തതാണോ അല്ലെങ്കിൽ നിശ്ചിതഗുണനിലവാരം പുലർത്തുന്നതാണോയെന്ന് പരിശോധിക്കുവാൻ കഴിയുന്നതാണ്. |
| സി) | ഗുണനിലവാര പരിശോധനയിൽ യോഗ്യതയില്ലാത്തവയാണെന്ന് കണ്ടെത്തിയാൽ അവ അംഗീകൃത മേഖലകളിലെത്തിച്ച് അവിടെ നിന്നും വീണ്ടും സംസ്ഥാനത്തേക്ക് എത്തിക്കുമ്പോൾ ആയത് കണ്ടെത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ; | | |

| | | | |
|---|---|---|---|
| ഡി) | ചെക്ക്പോസ്റ്റിലെ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ മറികടന്ന് വിഷം കലർന്നതും ഗുണനിലവാരമില്ലാത്തതുമായ പച്ചക്കറികളും ഭക്ഷ്യവസ്തുക്കളും കേരളത്തിലെത്തുന്നത് തടയുവാൻ വിവിധ ഘട്ടങ്ങളിലായി പരിശോധനകൾ ഏർപ്പെടുത്തുമോ; പരിശോധനകളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ? | | വിപണിയിൽ ലഭ്യമായ എല്ലാ ഭക്ഷ്യവസ്തുകളുടെയും സാമ്പിളുകൾ പരിശോധിച്ച് ആയവ മായം ചേർത്തതാണോ അല്ലെങ്കിൽ നിശ്ചിതഗുണനിലവാരം പുലർത്തുന്നതാണോയെന്ന് പരിശോധിക്കുവാൻ കഴിയുന്നതാണ്. പരിശോധനകളിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി ഉചിതമായ ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ